"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസറായ ശ്രീ. അനിൽകുമാർ പി.യ്ക്ക് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നൽകിയ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം - സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2251/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 02/12/2020

---

പരാമർശം:- 1 സ.ഉ.(സാധാ) 257/2020/തസ്വഭവ തീയതി 31.01.2020

2 പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2020- ലെ ഇ1-395/2020 നമ്പർ നടപടിക്രമം

3 പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 02.07.2020-ലെ ഇ1-395/2020 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ചുവന്നിരുന്ന തദ്ദേശ സ്വയം ഭരണ വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ ശ്രീ. കെ.സി. സുബ്രഹ്മണ്യന് പരാമർശം (1) ഉത്തരവ് പ്രകാരം പാലക്കാട് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഓഫീസിലേക്ക് സ്ഥലമാറ്റം ലഭിച്ചതിനാൽ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (2) നടപടിക്രമം പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസർ ശ്രീ. അനിൽകുമാർ പി.യ്ക്ക് സർക്കാർ സാധൂകരണത്തിന് വിധേയമായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ടെന്നും അതിൻ . പ്രകാരം 02.07.2020 പൂർവാഹ്നത്തിൽ ശ്രീ. അനിൽകുമാർ പി. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ അധിക ചുമതല ഏറ്റെടുത്തിട്ടുണ്ടെന്നും ആയതിനാൽ പരാമർശം (2) നടപടിക്രമം സാധൂകരിച്ചു നൽകണമെന്നും പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസർ ശ്രീ. അനിൽകുമാർ പി.യ്ക്ക് സർക്കാർ സാധൂകരണത്തിന് വിധേയമായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ അധിക ചുമതല നൽകി ഉത്തരവായ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (2) നടപടിക്രമം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**File No.LSGD-EPB1/119/2020-LSGD**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ. അനിൽകുമാർ, ഫിനാൻസ് ഓഫീസർ, ജില്ലാ പഞ്ചായത്ത്, പാലക്കാട്
2. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട്
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.12.02 10:49:00 IST
Reason: Approved

സെക്ഷൻ ഓഫീസർ